# കേരള സർവകലാശാല

നം.പി.ആർ.226/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പരീക്ഷ മാറ്റി

2018 ഒക്ടോബർ 17 ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം. എ/എം.എസ്.സി/എം.കോം/എം.എസ്.ഡബ്ല്യു/എം.പി.എ/എം.എ.എച്ച്.ആർ.എം/എം.എം.സി.ജെ ഡിഗ്രി പരീക്ഷകളും മൂന്നാം സെമസ്റ്റർ എൽ.എൽ.ബി (ത്രിവത്സരം), ഏഴാം സെമസ്റ്റർ എൽ.എൽ.ബി (പഞ്ചവത്സരം) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 29 നും, രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്. ബി. എ/ബി.എസ്.സി/ബി.കോം ഡിഗ്രി പരീക്ഷകളും, രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എ/ബി.എസ്.സി/ബി.കോം/ബി.പി.എ/ ബി.ബി.എ/ബി.സി.എ//ബി.എസ്.ഡബ്യ്യൂ/ബി.വോക് ഡിഗ്രി പരീക്ഷകൾ നവംബർ 2 നും നടത്തുന്നതാണ്. പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### തീയതി നീട്ടി

വിദൂര വിദ്യാഭ്യാസ വിഭാഗം എം.ബി.എ അഡ്മിഷൻ രജിസ്ട്രേഷൻ ഒക്ടോബർ 19 വരെ നീട്ടിയിരിക്കുന്നു. 16 മുതൽ 19 വരെ രജിസ്റ്റർ ചെയ്തവർക്കുള്ള ജി.ഡിയും ഇന്റർവ്യൂവും 20 ന് രാവിലെ 9.30 മുതൽ എസ്.ഡി ഇയിൽ വച്ച് നടത്തുന്നതാണ്. യോഗ്യത നേടുന്നവർ അന്നേ ദിവസം തന്നെ ഫീസ് ഒടുക്കി അഡ്മിഷൻ നേടേണ്ടതാണ്.

### വൈവാവോസി

2018 സെപ്റ്റംബർ/ഒക്ടോബർ മാസങ്ങളിൽ നടത്തിയ എം.എസ്.ഡബ്യ്യൂ സോഷ്യൽ വർക്ക് പരീക്ഷയുടെ വൈവാ വോസി ഒക്ടോബർ 16, 17 തീയതികളിൽ ശ്രീകാര്യം ലയോള കോളേജിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സീറ്റൊഴിവ്

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന്റെ അംഗീകാരത്തോടെ ശാസ്താംകോട്ട ഡി.ബി.കോളേജിൽ നവംബർ 4 ന് തുടങ്ങുന്ന പി.എസ്.സി. അംഗീകാരമുള്ള സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (ആറു മാസം), സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് കോഴ്സുകൾക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. മറ്റു കോഴ്സുകൾ ചെയ്യുന്നവർക്കും ജോലിയുള്ളവർക്കും അപേക്ഷിക്കാം. വിശദവിവരങ്ങൾ 9446475975 എന്ന നമ്പറിൽ ലഭ്യമാണ്.

### ദേശീയ സെമിനാർ

ജനസംഖ്യാശാസ്ത്ര വിഭാഗം 'കേരളത്തിലെ വയോജനങ്ങൾ' എന്ന വിഷയത്തിൽ ദേശീയ സെമിനാർ സംഘടിപ്പിക്കുന്നു. ഒക്ടോബർ 16 ന് സെനറ്റ് ചേംബറിൽ വച്ച് നടക്കുന്ന ചടങ്ങ് പ്രൊഫ. സി. ഗണേഷ് (വൈസ് ചാൻസിലർ ഇൻ ചാർജ്) ഉദ്ഘാടനം ചെയ്യും. പ്രസ്തുത ചടങ്ങിൽ സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ശ്രീ. ബിജു പ്രഭാകർ

ഐ.എ.എസ്. മുഖ്യപ്രഭാഷണവും ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് ഹൈദരാബാദ് കാമ്പസ് ഡെപ്യൂട്ടി ഡയറക്ടർ ഡോ.ശിവരാജു മുഖ്യ പ്രബന്ധവും അവതരിപ്പിക്കുന്ന ചടങ്ങിൽ ഡോ.പി.എസ് നായർ, പ്രൊഫസർ രാധാദേവി, ഡോ.ശോഭ.ബി.നായർ, ശ്രീ.അമരവിള രാമകൃഷ്ണൻ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നു. ‘കേരളത്തിലെ വയോജന നയ രൂപീകരണ’ത്തിനായുള്ള ചർച്ച ആരോഗ്യ വകുപ്പ് സെക്രട്ടറി ശ്രീ.രാജീവ് സദാനന്ദൻ ഐ.എ.എസ് ന്റെ നേതൃത്വത്തിൽ നടത്തുന്നതാണ്.

## പ്രഭാഷണ പരമ്പര

ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവീസസിന്റെ നേതൃത്വത്തിൽ ‘യുക്തിഭദ്രമായ ക്യാമ്പസ് സുസ്ഥിര കേരളം’ എന്ന വിഷയത്തിൽ പ്രഭാഷണ പരമ്പര സംഘടിപ്പിക്കുന്നു. ഒക്ടോബർ 16 ന് രാവിലെ 10.30 ന് തൈക്കാട് ഗവൺമെന്റ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ.കെ.ടി ജലീൽ പ്രഭാഷണ പരമ്പര ഉദ്ഘാടനം ചെയ്യും. വൈസ് ചാൻസിലർ ഇൻ ചാർജ് പ്രൊഫ.സി.ഗണേഷ് അദ്ധ്യക്ഷനാകും. കേരള സർവകലാശാല സിൻഡിക്കേറ്റംഗങ്ങൾ പങ്കെടുക്കും. തിരഞ്ഞെടുക്കപ്പെടുന്ന 50 കോളേജുകളിലാണ് പ്രഭാഷണം നടത്തുന്നത്.

തിരുവനന്തപുരം.
15.10.2018



പബ്ലിക് റിലേഷൻസ് ഓഫീസർ